**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 329** **16-09-2025 - ൽ മറുപടിയ്ക്ക്**

**പുല്ലുപാറയിലെ സിവിൽ സപ്ലൈസ് ഗോഡൗൺ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ പുല്ലുപാറയിൽ സിവിൽ സപ്ലൈസ് ഗോഡൗൺ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | കണ്ണൂർ ജില്ലയിൽ പയ്യന്നൂർ പുല്ലുപാറയിൽ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന് കീഴിൽ ഗോഡൗൺ നിർമാണത്തിനായി 18/7/2024ലെ സ.ഉ(സാധാ)നമ്പർ 197/2024- F&CS പ്രകാരം 5.88കോടി രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിട്ടുള്ളതാണ്. ഗോഡൗണിന്റെ നിർമാണ പ്രവർത്തനങ്ങൾക്കാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി പി.ഡബ്ലിയു.ഡി യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭരണാനുമതി നൽകിയ തുകയായ 5.88കോടി രൂപ കണ്ണൂർ ജില്ലയിലെ പി.ഡബ്ലിയു.ഡി കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയ ശീർഷകത്തിൽ നിക്ഷേപിക്കുന്നതിനാവശ്യമായ വകുപ്പുതല നടപടികളും സ്വീകരിച്ചിട്ടുള്ളതുമാണ്. ഗോഡൗൺ നിർമാണം ആരംഭിക്കുന്നതിന്റെ പ്രാഥമിക നടപടികളുടെ ഭാഗമായുള്ള മണ്ണ് പരിശോധന പൊതുമരാമത്ത് വകുപ്പ് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി എന്നേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | ഗോഡൗൺ നിർമാണം യഥാസമയം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ